# SAMAGRA SHIKSHA, KERALA

## പാദവാർഷിക മൂല്യനിർണയം 2018 – 19

### കേരളപാഠാവലി

സ്റ്റാന്റേർഡ് VIII

സമയം : $1\frac{1}{2}$ മണിക്കൂർ
ആകെ സ്കോർ : 40

---

- ആദ്യത്തെ 15 മിനിറ്റ് ആശ്വാസസമയമാണ്.ചോദ്യങ്ങൾ വായിച്ച് ഉത്തരങ്ങൾ മനസ്സിൽ ക്രമീകരിക്കുന്നതിന് ഈ സമയം പ്രയോജനപ്പെടുത്തണം.
- നിർദേശങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

---

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**

(1 x 4 = 4)

1. മാതൃകപോലെ എഴുതുക.
ഊഹിച്ചടുത്തു - ഊഹിച്ച് + അടുത്തു.
ഊതിക്കെടുത്തി -

2. 'വാൽക്കണ്ണാടി 'എന്ന പദം വിഗ്രഹിച്ചാൽ
   - വാലും കണ്ണാടിയും
   - വാലു പോലുള്ള കണ്ണാടി
   - വാലുള്ള കണ്ണാടി
   - വാലിന്റെ കണ്ണാടി

3. "അരുണനസ്തമിച്ചതും മറന്നില്ലല്ലീ"
അടിവരയിട്ട പദത്തിന് സമാനമായ അർഥം വരുന്ന പദം തിരഞ്ഞെടുത്തെഴുതുക.
   - നക്ഷത്രം
   - ഇനൻ
   - പൗർണമി
   - മേഘം

4. 'പെയ്യാൻ വിതുമ്പി നിൽക്കുന്ന കാർമേഘങ്ങൾ'
വിതുമ്പി നിൽക്കുന്ന എന്ന പ്രയോഗം നൽകുന്ന അർഥസൂചന ഒറ്റവാക്യത്തിലെഴുതുക.

5. 'ആരാമത്തിലെ പൂച്ചെടിയും മതിൽവിടവിലെ പാഴ്‌വള്ളിയും ഇനകരങ്ങൾക്ക് തുല്യോത്സവങ്ങളാണ്.'
ഇവിടെ പ്രകൃതി നൽകുന്ന പാഠം
   - വിവേചനം
   - സ്വാർത്ഥത
   - അവഗണന
   - സമഭാവന

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക.**
(2 x 2 = 4)

6. താഴെ തന്നിരിക്കുന്ന ഈരടിയുടെ താളത്തിന് സമാനമായ താളമുള്ള ഈരടി എടുത്തെഴുതുക.

കുട്ടനാടൻ പുഞ്ചയിലെ കൊച്ചുപെണ്ണേ കുയിലാളേ
കൊട്ടുവേണം കുഴൽ വേണം കുരവ വേണം

- മഴയത്തും വെയിലത്തും കുടയായി നിൽക്കുന്ന
  മരമൊന്നു നമ്മുടെ മുറ്റത്തുണ്ടേ.
- കറുത്ത ചിറകുവെച്ചോരരയന്നക്കിളി പോലെ
  കുതിച്ചുകുതിച്ചുപായും കുതിര പോലെ
- മിന്നാമിനുങ്ങേ മിന്നും മിനുങ്ങേ
  എങ്ങോട്ടാണെങ്ങോട്ടാണീ തിടുക്കം

7. 'തിരുമേനി ഒന്നു <u>മാറിയിരിക്കണേ</u>'
അവൻ ആളാകെ <u>മാറിയിരിക്കുന്നു</u>

അടിവരയിട്ട പദങ്ങൾ വാക്യസന്ദർഭത്തിനു നൽകുന്ന അർഥ വ്യത്യാസം എഴുതുക.

8. ഭൂമിയുടെ കാതിൽ മഹാസങ്കടങ്ങൾ അറിയിക്കുന്ന
പാദങ്ങൾ വിണ്ടുപൊട്ടിയിട്ടുണ്ട്.

- അമ്മമ്മയുടെ ജീവിതാവസ്ഥയെക്കുറിച്ച് ഈ വാക്യം നൽകുന്ന രണ്ട് സൂചനകൾ എഴുതുക.

**9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് ഉത്തരമെഴുതുക. (അരപ്പുറം)**
(4 x 5 = 20)

9. "അന്നത്തെ വഴിയാത്ര ഒരാളുടെ ലോകപരിചയം വളരെ വർധിപ്പിക്കുന്നതിനുതകിയിരുന്നു."
"ഇപ്പോൾ എങ്ങനെയാണ്? ആർക്കും ആരോടും യാതൊന്നും സംസാരിക്കാൻ സമയമില്ല."

- വഴിയാത്ര

ഇക്കാലത്തെ യാത്രാസൗകര്യങ്ങളെയും അനുഭവങ്ങളെയും മുൻനിർത്തി ലേഖകന്റെ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം എഴുതുക.

10. "വയ്യ"

"അമ്മമ്മയെക്കുറിച്ച് ആലോചിക്കാനേ വയ്യ"

- അമ്മമ്മയെക്കുറിച്ച് ലേഖകനുള്ള വേവലാതി എത്രത്തോളം പ്രസക്തമാണ്? ആനുകാലിക സംഭവങ്ങളുമായി ബന്ധപ്പെടുത്തി കുറിപ്പ് തയാറാക്കുക.

11. പ്രകൃതിയും പൂക്കളും ആഘോഷങ്ങളും ഇടകലർന്നതാണ് മലയാളിയുടെ ജീവിതം. എങ്കിലും ഇന്ന് എല്ലാം നഷ്ടപ്പെട്ട സൗഭാഗ്യത്തിന്റെ സ്വപ്നങ്ങളാണ് എന്ന് വി.ടി ഭട്ടതിരിപ്പാട് സങ്കടപ്പെടുന്നു.

-എല്ലാ സൗഭാഗ്യങ്ങളും നഷ്ടപ്പെട്ടു എന്നു നിങ്ങൾ കരുതുന്നുണ്ടോ? സ്വാഭിപ്രായം വ്യക്തമാക്കുക.

12. മേഘം സ്രഷ്ടാവിന്റെ ഇരുണ്ട തേരാണ്
മേഘം കത്തിജ്ജ്വലിക്കുന്ന സൂര്യനെതിരെയുള്ള
ജീവജാലങ്ങളുടെ രക്ഷാകവചമാണ്
മേഘം ഘനീഭവിച്ച മഴയാണ്.

- മേഘം അത്ഭുതകരവും മനോഹരവുമായ ഒരു പ്രതിഭാസമായി കെ.പി.അപ്പൻ കാണുന്നതിന്റെ പൊരുളെന്ത്? സുചനകൾ പരിഗണിച്ച് കുറിപ്പു തയാറാക്കുക.

13. പേടിച്ചുവിറച്ചു വന്ന ശിഷ്യരെ സാന്ത്വനിപ്പിക്കുകയും അനുഗ്രഹിക്കുകയും ചെയ്ത സാന്ദീപനി മഹർഷി.

തന്റെ മക്കളെ പൊന്നുപോലെ നോക്കണേ എന്നപേക്ഷിക്കുന്ന അമ്മമ്മ.

-ഗുരുശിഷ്യബന്ധം ശക്തമാകേണ്ടതിന്റെ ആവശ്യകതയാണോ ഇവിടെ സൂചിതമാകുന്നത്?.നിങ്ങളുടെ അഭിപ്രായം എഴുതുക.

14. "വാടാതേ വരികെന്റെ കൈയിലധുനാ
പീയൂഷഡംഭത്തെയും
ഭേദിച്ചൻപൊടു കയ്പവല്ലി തരസാ
പെറ്റുള്ള പൈതങ്ങളേ! "

-മനുഷ്യരുടെ ഇഷ്ടാനിഷ്ടങ്ങളെക്കുറിച്ചുള്ള എന്തെല്ലാം സുചനകളാണ് ഈ വരികളിൽ പ്രകടമാകുന്നത്. കണ്ടെത്തി കുറിപ്പ് തയാറാക്കുക.

**15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.** (ഒരുപുറം)

15. "പതുക്കെപ്പതുക്കെ
അവർ കടന്നുപോകുന്നു
നമ്മെ മുലയൂട്ടിയവർ
പണിയെടുത്തു പഠിപ്പിച്ചവർ
ശാസിച്ചവർ , ശിക്ഷിച്ചവർ"

- പ്രതിഛായകൾ - സച്ചിദാനന്ദൻ

- സാന്ദ്രസൗഹൃദം, അമ്മമ്മ, വഴിയാത്ര എന്നീ പാഠങ്ങളിൽ നമുക്കു കാണാൻ കഴിയുന്നത് സൗഹൃദം , സ്നേഹം, സാഹോദര്യം തുടങ്ങിയ മൂല്യങ്ങളാണല്ലോ. ഇക്കാലത്ത് ഇത്തരം മൂല്യങ്ങൾ അകന്നുപോവുകയാണോ?

മുകളിൽ കൊടുത്ത വരികളിലെ ആശയം കൂടി പരിഗണിച്ച് ലഘൂപന്യാസം തയാറാക്കുക.

16. 'നമ്മുടെ ആഘോഷങ്ങൾ കൃഷിയുമായി ബന്ധപ്പെട്ട് രൂപപ്പെട്ടവയാണ്.' എന്നാൽ ഇന്ന് ആഘോഷങ്ങൾ കുടിവരികയും പ്രകൃതിയോടും കൃഷിയോടുമുള്ള ബന്ധം കുറഞ്ഞുവരികയും ചെയ്യുന്നുണ്ടോ?

പൂക്കളും ആണ്ടറുതികളും എന്ന പാഠഭാഗത്തിലെ ആശയങ്ങൾ പ്രയോജനപ്പെടുത്തി 'കാർഷിക സംസ്കാരവും ആഘോഷങ്ങളും' എന്ന വിഷയത്തിൽ മുഖപ്രസംഗം തയാറാക്കുക.

17. 'എല്ലാം നശിപ്പിച്ചുകൊണ്ടാണ് നാം മുന്നേറുന്നത്. കാടായാലും കുന്നായാലും നശിപ്പിക്കാനുള്ളതാണ് എന്നു നാം കരുതുന്നു. ഇങ്ങനെ എത്രകാലം മുന്നോട്ടു പോകും! അരുതേ എന്നു പറയാൻ ആരെങ്കിലും ഉണ്ടാവണ്ടേ?'

-താഴെ കൊടുത്ത കവിത വായിക്കൂ. ആസ്വാദനക്കുറിപ്പു തയാറാക്കൂ.

മലയിടിക്കുന്ന തീയെറിയുന്ന കൈകളേ
വളരെ വൈകിപ്പോയി കാലം!
അറിയുവിൻ, മുറിവേറ്റ ശൈലങ്ങൾ
നമ്മൾക്കു
വറുതിയും മൃതിയും വിധിക്കുമല്ലോ
ചുടുപൊറാഞ്ഞു പൊരിയുമല്ലോ,യിറ്റു
ദാഹജലത്തിനായ് കേഴുമല്ലോ
അല്ലായ്കിൽ ഭാവം പകർന്നീ ഗിരിനിര
കല്ലും മരവും പ്രളയവുമായ്
അന്ത്യപ്രഹരമായാർത്തിറങ്ങീടവേ
നൊന്തുപായുന്നതെങ്ങോട്ടുനമ്മൾ?

ശൈലം-മല
വറുതി-ക്ഷാമം
ചുടുപൊറാഞ്ഞ്-ചുട് സഹിക്കാഞ്ഞ്
അന്ത്യപ്രഹരം-അവസാനത്തെ ആഘാതം

പശ്ചിമഘട്ടം- സുഗതകുമാരി